# പൊതുസമൂഹം ഭീരുത്വം വെടിയണം

**സണ്ണി പൈകട**
**സാമൂഹികപ്രവർത്തകൻ**

**1**. തെരഞ്ഞെടുപ്പുകൾക്ക് കാര്യമായ സ്വാധീനമില്ല. തെരഞ്ഞെടുപ്പ് ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നില്ല. ആര് ഭരണത്തിൽ വന്നാലും മൗലികമായ മാറ്റമുണ്ടാകുന്നില്ല. ഉപരിപ്ലവമായ കാര്യങ്ങൾ പറഞ്ഞ്, ആളുകളുടെ ശ്രദ്ധ ക്ഷണിച്ച് അതിനെ വോട്ടാക്കിമാറ്റുകയാണ് മുന്നണികൾ ചെയ്യുന്നത്. രാഷ്ട്രീയ വിദ്യാഭ്യാസത്തിന് തെരഞ്ഞെടുപ്പിൽ സ്ഥാനം ലഭിക്കുന്നില്ല. ജനങ്ങളെ അവർ അനുഭവിക്കുന്ന അടിസ്ഥാന പ്രശ്നങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്താനുള്ള അവസരമായി തെരഞ്ഞെടുപ്പ് മാറുന്നില്ല. രാഷ്ട്രീയ പാർട്ടികൾ അത്തരത്തിൽ ഒരു താത്പര്യം എടുക്കുന്നില്ല. എങ്ങിനെ വോട്ടു നേടാം എന്ന് മാത്രമാണ് അവരുടെ ചിന്ത. സമൂഹത്തിൽ ഗുണപരമായ സ്വാധീനമുണ്ടാക്കാൻ തെരഞ്ഞെടുപ്പുകൾക്ക് കഴിയുന്നില്ല.

**2**. പരോക്ഷമായി അത്തരത്തിലുള്ള ഒരു അജണ്ട പ്രവർത്തിക്കുന്നുണ്ട്. ജനകീയ വിഷയങ്ങളിലെല്ലാം എല്ലാ പാർട്ടികളുടെയും നിലപാട് ഒന്നാണ്. അത് സത്യസന്ധമായ രീതിയിൽ ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കപ്പെടരുതെന്ന് അവർക്ക് താത്പര്യമുണ്ട്. മനസിലാക്കപ്പെട്ടാൽ മുന്നണികളുടെ വ്യത്യസ്തത എന്നത് ഇല്ലാതാകും.

**3**. ജനപ്രതിനിധി ജനങ്ങളോടൊപ്പം നിൽക്കണം. ജനങ്ങളുടെ നിലപാട് വിസമ്മതിക്കുന്നവർ ജനപ്രതിനിധികൾ ആകുന്നില്ല. രാഷ്ട്രീയ കക്ഷികളുടെ താത്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നവർ രാഷ്ട്രീയ പാർട്ടിയുടെ പ്രതിനിധികൾ മാത്രമാണാകുന്നത്. രാഷ്ട്രീയകക്ഷികൾ സ്ഥാനാർത്ഥികളെയാണ് നിർത്തുന്നത്. അവരെ ജനപ്രതിനിധികളാക്കി മാറ്റുന്നത് ജനങ്ങളാണ്. അതുകൊണ്ട് ജനങ്ങളാകണം അവരുടെ മുഖ്യ പരിഗണന.

**4**. നിലവിലുള്ള തെരഞ്ഞെടുപ്പ് രീതിയിൽ ജനപ്രതിനിധിയെ തിരിച്ചുവിളിക്കുക എന്നത് എളുപ്പമല്ല. പോൾ ചെയ്യുന്ന വോട്ടിൽ കൂടുതൽ കിട്ടുന്നയാളെ തെരഞ്ഞെടുക്കുന്ന രീതിയാണ് ഇപ്പോൾ നടക്കുന്നത്. ഈ സംവിധാനത്തിൽ ഹിതപരിശോധന നടത്താൻ കഴിയില്ല. മറ്റ് സ്ഥാനാർത്ഥികൾക്ക് വോട്ട് ചെയ്തവർ ഒരുമിച്ച് നിന്നാൽ ഹിതപരിശോധനയിൽ ഒരു ജനപ്രതിനിധിയെ തോൽപ്പിക്കാൻ കഴിയും. തിരിച്ചുവിളിക്കാനുള്ള അവകാശം ഉറപ്പായും പൗരന്മാർക്ക് നൽകേണ്ടതുണ്ട്. അത് നടപ്പിലാക്കണമെങ്കിൽ നിലവിലുള്ള തെരഞ്ഞെടുപ്പ് രീതിയിൽ മൗലികമായ മാറ്റമുണ്ടാക്കാൻ കഴിയണം. രാഷ്ട്രീയാടിസ്ഥാനത്തിലല്ലാതെ അയൽക്കൂട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ള തെരഞ്ഞെടുപ്പിലൂടെ അത് സാധ്യമാകും.

നിലവിലുള്ള അയൽക്കൂട്ടങ്ങളെഅടിസ്ഥാന നിയോജകമണ്ഡലമായി അംഗീകരിക്കണം. ആ അയൽക്കൂട്ടങ്ങൾ അതിന് മുകളിലേക്കുള്ള ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനായി ഒരു പുരുഷനേയും സ്ത്രീയേയും തെരഞ്ഞെടുക്കണം. അയൽക്കൂട്ട യോഗം ചേർന്ന് സർവ്വസമ്മത തീരുമാനപ്രകാരം മുകൾത്തട്ടിലുള്ള ഭരണസംവിധാനങ്ങളിൽ ആർക്കാണ് വോട്ട് ചെയ്യേണ്ടതെന്ന് നിശ്ചയിക്കുന്നു. അയൽക്കൂട്ടത്തിന്റെ പ്രതിനിധികളായ പുരുഷനും സ്ത്രീയും ആ തീരുമാനപ്രകാരമുള്ളവർക്ക് വോട്ട് ചെയ്യുന്നു. രഹസ്യബാലറ്റ് ഉണ്ടാകാൻ പാടില്ല, തുറന്ന വോട്ടാണ് വേണ്ടത്.

ഇത്തരത്തിലുള്ള സംവിധാനമാണ് നിലനിൽക്കുന്നതെങ്കിൽ ജനപ്രതിനിധികൾക്ക് മുകളിൽ ജനങ്ങൾക്ക് നിയന്ത്രണമുണ്ടാകും. ജനവിരുദ്ധമായ നിലപാടെടുക്കുന്നവരെ തിരികെ വിളിക്കാനും കഴിയും. ഇത് ഉട്ടോപ്യൻ ചിന്തയായി പലർക്കും തോന്നാനിടയുണ്ട്. ജനാധിപത്യത്തിന്റെ സാധ്യമായ ഏക രൂപമാണ് ഇപ്പോൾ നിലനിൽക്കുന്ന രൂപമെന്നാണ് പലരുടെയും ധാരണ. എന്നാൽ നിലവിലുള്ള ഈ ജനാധിപത്യ രൂപമുണ്ടാകുന്നതിന് മുമ്പ് അതും ഉട്ടോപ്യൻ ആശയമായി അന്നുള്ളവർക്ക് തോന്നിയിരിക്കാം. എന്നാൽ ഇത്തരത്തിൽ അടിസ്ഥാനപരമായ മാറ്റമുണ്ടായാൽ മാത്രമെ നിലവിൽ ജനാധിപത്യത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ.

**5**. രണ്ട് സാധ്യതയാണുള്ളത്. ഒന്ന് സംഘടിതമായി വോട്ട്

ബഹിഷ്കരിക്കുക. രണ്ട് സ്വന്തം സ്ഥാനാർത്ഥിയെ നിർത്തി, പരാജയപ്പെട്ടാലും നിലപാടുകൾ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുക എന്നത് പ്രധാനമാണ്. മുന്നണികളെല്ലാം വികസനത്തെക്കുറിച്ച് മറിച്ചൊരു സങ്കൽപ്പം മുന്നോട്ട് വയ്ക്കാത്ത സാഹചര്യത്തിൽ സംഘടിതമായി വോട്ട് ബഹിഷ്കരണം നടത്തിയാൽ അതും ഒരു രാഷ്ട്രീയ പ്രവർത്തനമാണ്. സ്ഥാനാർത്ഥികളെ നിർത്തി ഇലക്ഷൻ പ്രചാരണം നടത്തുന്നതിലൂടെ രാഷ്ട്രീയ വിദ്യാഭ്യാസ പ്രവർത്തനം കൂടി നടത്താൻ കഴിയും.



**ഒരു കക്ഷിയിൽ നിന്നും മറ്റൊരു കക്ഷിയിലേക്ക് മാറുന്നതല്ലാതെ യഥാർത്ഥ രാഷ്ട്രീയ മാറ്റം എന്താണ് എന്നതിനെക്കുറിച്ച് വ്യക്തമായ സങ്കൽപ്പവും കൃത്യമായ രാഷ്ട്രീയ പരിപാടിയും സ്വരൂപിച്ചെടുക്കാൻ നവസാമൂഹിക പ്രസ്ഥാനങ്ങൾ ശ്രമിക്കണം. സംഘടിതമായിട്ടും ആസൂത്രിതമായിട്ടും ദീർഘകാലം പ്രവർത്തിച്ചാൽ മാത്രമാണ് അത് സാധ്യമാകുന്നത്. ദൗർഭാഗ്യവശാൽ കേരളത്തിലെ സാമൂഹിക പ്രവർത്തകർക്കിടയിൽ അത് സംഭവിക്കുന്നില്ല. പൊതുസമൂഹത്തിലെ ബഹുഭൂരിപക്ഷം വരുന്ന ഭീരുക്കളെയാണ് അവരും പ്രതിനിധീകരിക്കുന്നത്.**

**6**. പൊതുസമൂഹത്തിന് അതിനുള്ള അർഹതയില്ല. ഭരണകൂടത്തെ നിയന്ത്രിക്കാനുള്ള ഇച്ഛാശക്തിയുള്ള പൊതുസമൂഹം ഉണ്ടായിരുന്നെങ്കിൽ രാഷ്ട്രീയ പാർട്ടികൾ ഇപ്പോൾ കാണിക്കുന്ന അഭ്യാസം ഒരിക്കലും നടക്കില്ലായിരുന്നു. വേറിട്ട രാഷ്ട്രീയം പണ്ടേ ഉയർന്നുവരുമായിരുന്നു. പൊതുസമൂഹം അർഹിക്കുന്ന ഭരണകൂടത്തെയാണ് ഇപ്പോൾ അവർക്ക് കിട്ടുന്നത്. മുഖ്യധാരാ രാഷ്ട്രീയത്തിന് സംഭവിച്ചിരിക്കുന്ന അപചയത്തെക്കുറിച്ച് പൊതുജനത്തിന് ബോധ്യമുണ്ട്. പക്ഷെ ആ വികാരം സ്വകാര്യ ഇടങ്ങളിൽ മാത്രം പറഞ്ഞുതീർക്കുകയാണ് അവർ. സംഘടിതമായി മുന്നോട്ട് വന്ന് ആ വികാരം പരസ്യമായി പ്രകടിപ്പിച്ചാൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയും.

എന്നാൽ രാഷ്ട്രീയ കക്ഷികൾക്കും ജനപ്രതിനിധികൾക്കുമെതിരെ ആ വിധം സംസാരിച്ചാൽ തങ്ങളെ ഏതെങ്കിലും തരത്തിൽ ബാധിക്കുമോ എന്ന ഭയമാണ് എല്ലാവർക്കുമുള്ളത്. ഭയമുള്ള പൗരസമൂഹത്തിന് അത്തരത്തിലുള്ള ഭരണകൂടത്തെ അർഹിക്കാൻ മാത്രമെ അവകാശമുള്ളൂ. നിലവിലെ രാഷ്ട്രീയത്തിൽ അസംതൃപ്തരായ ജനസമൂഹം ഭീരുത്വം വെടിഞ്ഞ് പരസ്യമായി രംഗത്ത് വന്നാൽ മാത്രമെ മാറ്റം പ്രതീക്ഷിക്കാൻ കഴിയൂ.

**7**. ഈ സങ്കൽപ്പത്തിന് തെരഞ്ഞെടുപ്പിൽ സ്ഥാനമുണ്ടാകാൻ നവസാമൂഹിക പ്രസ്ഥാനങ്ങളാണ് ശ്രമിക്കേണ്ടത്. മാറ്റത്തിന്റെ ദിശ എന്താകണമെന്ന് അവർക്ക് പറയാൻ കഴിയും. ഒരു കക്ഷിയിൽ നിന്നും മറ്റൊരു കക്ഷിയിലേക്ക് മാറുന്നതല്ലാതെ യഥാർത്ഥ രാഷ്ട്രീയ മാറ്റം എന്താണ് എന്നതിനെക്കുറിച്ച് വ്യക്തമായ സങ്കൽപ്പവും കൃത്യമായ രാഷ്ട്രീയ പരിപാടിയും സ്വരൂപിച്ചെടുക്കാൻ നവസാമൂഹിക പ്രസ്ഥാനങ്ങൾ ശ്രമിക്കണം. സംഘടിതമായിട്ടും ആസൂത്രിതമായിട്ടും ദീർഘകാലം പ്രവർത്തിച്ചാൽ മാത്രമാണ് അത് സാധ്യമാകുന്നത്. ദൗർഭാഗ്യവശാൽ കേരളത്തിലെ സാമൂഹിക പ്രവർത്തകർക്കിടയിൽ അത് സംഭവിക്കുന്നില്ല. പൊതുസമൂഹത്തിലെ ബഹുഭൂരിപക്ഷം വരുന്ന ഭീരുക്കളെയാണ് അവരും പ്രതിനിധീകരിക്കുന്നത്. വ്യവസ്ഥയെ വെല്ലുവിളിക്കാൻ കെല്പുള്ളവർ അവരുടെ കൂട്ടത്തിലില്ല. നക്സലൈറ്റുകൾക്ക് അത് സാധിച്ചിരുന്നു. അവർ കാണിച്ച ആത്മാർത്ഥയുടെ പകുതി പോലും പ്രകടിപ്പിക്കാൻ നമ്മുടെ സാമൂഹിക പ്രവർത്തകർക്ക് കഴിയുന്നില്ല.

**8**. പരിസ്ഥിതിക്കും ജീവന്റെ നിലനിൽപ്പിനും ഭീഷണിയാകുന്ന പദ്ധതികളെല്ലാം ഒഴിവാക്കപ്പെടണം എന്നതാകണം തെരഞ്ഞെടുപ്പിൽ ചർച്ച ചെയ്യപ്പെടേണ്ട ഒരു പ്രധാന വിഷയം. സാമൂഹിക നീതിയാണ് മറ്റൊരു വിഷയം. ജാതീയവും ലിംഗപരവുമായ നീതിയുടെ കാര്യം പലപ്പോഴും ഉന്നയിക്കപ്പെടുന്നുണ്ട്.

എന്നാൽ തൊഴിൽപരമായ അനീതിക്കെതിരെ ആരും ശബ്ദിക്കുന്നില്ല. കേരളത്തിൽ തൊഴിൽപരമായ അനീതി ദിനംപ്രതി കൂടിക്കൊണ്ടിരിക്കുകയാണ്. കായികാധ്വാനം ആവശ്യമായിവരുന്ന തൊഴിൽ ചെയ്യുന്നവരെ മോശമായി പരിഗണിക്കുന്ന സാഹചര്യമാണ് കേരളത്തിൽ നിലനിൽക്കുന്നത്. വെള്ളക്കോളർ ജോലിചെയ്യുന്ന ഒരാൾക്ക് ലഭിക്കുന്ന പ്രധാന്യം കർഷകന് ലഭിക്കുന്നില്ല. ആ സാഹചര്യം എങ്ങിനെ ഇല്ലാതാക്കാം എന്നതിനെക്കുറിച്ചുള്ള ഒരു സംവാദം തെരഞ്ഞെടുപ്പിൽ ഉയർന്നുവരേണ്ടതാണ്. ഭരണകൂടം നല്ലതുപോലെ ഭരിക്കണം എന്നാണ് പ്രബലമായ ചിന്താഗതി. എന്നാൽ ഭരണകൂടത്തിന്റെ ഇടപെടൽ കൂടുന്നതും ഭരണകൂടം ശക്തമാകുന്നതും ജനാധിപത്യത്തെ ദുർബലപ്പെടുത്തും. നല്ല ഭരണം ഉണ്ടാകുക എന്നത് ഭരണകൂടത്തിന്റെ ഉത്തരവാദിത്തം മാത്രമായി ആരോപിക്കരുത്. ജനങ്ങൾ കൂടി അതിൽ പങ്കാളികളാകണം. ഭരണകൂടം ശക്തമായാൽ ജനങ്ങൾ ശാക്തീകരിക്കപ്പെടില്ല.